

## അരനാഴികനേരം

പാറപ്പുറത്ത്

അകലെ സ്വർണ്ണസിംഹാസനത്തിൽനിന്ന് ഒരു മഹാശബ്ദം കേൾക്കുന്നു. 'പോരൂ എന്റെ കൂടാരത്തിലേക്ക് പോരൂ... നീ ഇനിമേൽ എന്നോടൊപ്പം വസിക്കും. നീ ഇനിമേൽ എന്റെ ജനത്തിൽ ഒരുവൻ. ഞാൻ നിന്റെ കണ്ണീരെല്ലാം തുടച്ചുകളയും. ദുഃഖവും കഷ്ടതയും ഇനി നിനക്കുണ്ടാവുകയില്ല.' തൊണ്ണൂറു വർഷക്കാലം കണ്ട പഴയ ഭൂമിയും പഴയ ആകാശവും കുഞ്ഞേനാച്ചനിൽനിന്ന് എപ്പോഴേ ഒഴിഞ്ഞു പോയിരുന്നു. ആ ശരീരം ഒരിക്കൽക്കൂടി ഞെട്ടിവിറച്ചു. തല ഒരുവശത്തേക്കു തിരിഞ്ഞു. കുഞ്ഞേനാച്ചന്റെ ഓർമ്മകളിലൂടെ ചുരുൾനിവരുന്ന ലോകം. കണ്ടതും അനുഭവിച്ചറിഞ്ഞതുമായ ആ വിശാലമായ ലോകത്തിന്റെ ഹൃദ്സ്പന്ദനങ്ങൾ അസാധാരണമായ കരവിരുതോടെ ആവിഷ്കരിക്കാൻ പാറപ്പുറത്തിനു കഴിഞ്ഞിരിക്കുന്നു. ഉത്കൃഷ്ടമായ ഒരു കലാസൃഷ്ടിയുടെ പുതിയ പതിപ്പ്.

അവതാരിക : ഡി സി കിഴക്കെമുറി


ഡിസി ബുക്സ്
സുവർണ്ണവർഷം

ഡി സി ബുക്സ്
www.dcbooks.com
നോവൽ
കവർ ഡിസൈൻ
മൻസൂർ ചെറൂപ്പ
₹ 350
E-book Available
Cover Concept : Sudheesh Kottembram

അരനാഴികനേരം • പാറപ്പുറത്ത്

DCB

# പാറപ്പുറത്ത്



# അരനാഴികനേരം

DCB

ഡി സി ബുക്സ്
സുവർണ്ണജൂബിലി വർഷം
പ്രമാണിച്ച് കഴിഞ്ഞ
അമ്പതുവർഷങ്ങളായി ഡി സി
ബുക്സ് പ്രസിദ്ധീകരിക്കുകയും
തുടർപ്പതിപ്പുകൾ ഉണ്ടാകുകയും
ചെയ്ത, ഇനിയും വായിക്കപ്പെടുന്ന
പുസ്തകങ്ങൾ ബ്ലാക് ക്ലാസിക്
എഡിഷനായി പ്രസിദ്ധീകരിക്കുന്ന
പരമ്പരയിൽ ഉൾപ്പെട്ട കൃതി.

LIBRARY
College of Avian Sciences & Management
KVASU Thiruvazhamkunnu-678 601
2396

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2396 Call No.

This book should be returned on or before the date last given below.

# അരനാഴികനേരം

ഡിസി ബുക്സ്
സുവർണ്ണവർഷം

## പാറപ്പുറത്ത് (1924-1981)

1924 നവംബർ 14-ന് മാവേലിക്കരയ്ക്കടുത്ത് കുന്നം ഗ്രാമത്തിൽ ജനിച്ചു. വിദ്യാഭ്യാസാനന്തരം പട്ടാളത്തിൽ 'പയനീർ കോർ' വിഭാഗത്തിൽ ഹവിൽദാർ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. ഇരുപത്തിയൊന്നു വർഷത്തെ സേവനത്തിനുശേഷം 1965-ൽ സർവീസിൽനിന്ന് വിരമിച്ചു. ആദ്യത്തെ കഥ *പുത്രിയുടെ വ്യാപാരം* 1948-ൽ പ്രസിദ്ധപ്പെടുത്തി. 1965- ലെ ഏറ്റവും നല്ല കഥാസമാഹാരത്തിനുള്ള അവാർഡ് *നാലാൾ നാലു വഴി*, 1968-ലെ കേരള സാഹിത്യഅക്കാദമി അവാർഡ്, 1970-ലെ എസ്.പി.സി.എസ്. അവാർഡ്, ഏറ്റവും നല്ല കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ഫിലിം അവാർഡ് (*അരനാഴികനേരം*), 1973-ലെ ഏറ്റവും നല്ല കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ഫിലിം അവാർഡ്, ഫിലിം ഗോയേഴ്സ് അവാർഡ് (*പണിതീരാത്ത വീട്*) എന്നീ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഒട്ടനവധി നോവലുകൾ സിനിമയാവുകയും അനേകം സിനിമയ്ക്ക് തിരക്കഥ രചിക്കുകയും ചെയ്തിട്ടുണ്ട്. സാഹിത്യ പ്രവർത്തക സഹകരണസംഘം പ്രസിഡന്റ്, ഡയറക്ടർ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. *ആദ്യകിരണങ്ങൾ, അന്വേഷിച്ചു കണ്ടെത്തിയില്ല, അരനാഴികനേരം, ആകാശത്തിലെ പറവകൾ, നിണമണിഞ്ഞ കാല്പാടുകൾ, പണിതീരാത്ത വീട്, നാലാൾ നാലു വഴി, തിരഞ്ഞെടുത്ത കഥകൾ* തുടങ്ങിയവയാണ് പ്രധാന കൃതികൾ. 1981 ഡിസംബർ 30-ന് നിര്യാതനായി.

പാറപ്പുറത്തിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ:

*നോവൽ:* അവസ്ഥാന്തരങ്ങൾ, ആദ്യകിരണങ്ങൾ, അന്വേഷിച്ചു, കണ്ടെത്തിയില്ല, അരനാഴികനേരം.

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച
പുസ്തകങ്ങൾ പരിചയപ്പെടാൻ
ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

# അരനാഴികനേരം

## പാറപ്പുറത്ത്

അവതാരിക
ഡി സി കിഴക്കെമുറി

ഡി സി ബുക്സ്

**D C Books**
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE
Aranazhikaneram

NOVEL
*by* Parappurathu

Rights Reserved

First Published April 1967
First CB edition April 1999
First DCB edition - November 2023

P-ISBN: 978-93-5732-298-0
E-ISBN: 978-93-5732-297-3

Distributors : D C Books-Current Books, INDIA
Printed in India: D C Press, Kottayam, INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Parappurathu.
Aranazhikaneram/ Parappurathu
272p., 21cm.,
ISBN 978-93-5732-298-0.
1. Malayalam novel. I. Title.
894.812 3- dc22.

*This is a work of fiction. The names, characters, places, incidents are all subject to author's imagination and used fictitiously. Any resemblance to actual events, places or persons, living or dead is purely coincidental.*

*This book is produced from independently certified FSC® paper to ensure responsible forest management.*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

1239/23-24-Sl.No. 25724-dcb 8536-1000-10448-11-23-hn 60-T5-e na- p ns- d rs

# അവതാരിക

ഡി സി കിഴക്കെമുറി

കേരളത്തിൽ അച്ചടിവിദ്യയാരംഭിച്ചതും മലയാളത്തിലെ ഗദ്യശാഖയുടെ വികാസത്തിന് പ്രേരണ നല്കിയതും പാശ്ചാത്യ മിഷനറിമാരാണ്. അതുപോലെ നോവൽപ്രസ്ഥാനം മലയാളത്തിലാവിർഭവിച്ചത് ഇംഗ്ലിഷ് വിദ്യാഭ്യാസത്തിന്റെ ഫലമായിട്ടായിരുന്നു. ഇംഗ്ലിഷ് കൃതികളുടെ വിവർത്തനമോ അനുകരണമോ ആയിരുന്നു നോവൽ പ്രസ്ഥാനത്തിലെ ആദ്യകൃതികൾ. *ആസ് യു ലൈക്ക് ഇറ്റ് കാമാക്ഷിചരിത*മാക്കിയ ചിദംബര വാദ്ധ്യാർ, *പുല്ലേലി കുഞ്ചു* എന്ന ഗദ്യകൃതി രചിച്ച ആർച്ച് ഡീക്കൻ ഉമ്മൻ കോശി, ഷേക്സ്പിയറുടെ *പെരിക്ലിസ്* എന്ന നാടകത്തെ, *പരിക്ലേശരാജാവിന്റെ കഥ*യാക്കി പ്രസിദ്ധം ചെയ്ത പി. വേലായുധൻ എന്നിവരെ ആദ്യകാലനോവലിസ്റ്റുകളായി പരിഗണിക്കാമോ എന്ന കാര്യം ഇന്നും തർക്കവിഷയമാണ്. കാരണം അവരുടെ കൃതികൾ, യഥാർത്ഥത്തിൽ നോവലിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്നവയല്ല.

അതുകൊണ്ടുതന്നെയാവണം സാഹിത്യചരിത്രകാരന്മാർ *കുന്ദലതാ*കർത്താവായ അപ്പു നെടുങ്ങാടിയെ ആദ്യത്തെ നോവലിസ്റ്റായി അംഗീകരിക്കുന്നത്. 1887-ലാണ് *കുന്ദലത* പ്രസിദ്ധപ്പെടുത്തിയത്. കഥാഘടനയിലോ പാത്രസൃഷ്ടിയിലോ വിജയിച്ചിട്ടില്ലെങ്കിലും നോവലിന്റെ പല സ്വഭാവങ്ങളും തെളിഞ്ഞുകാണുന്ന ആദ്യത്തെ മലയാളകൃതി *കുന്ദലത*യാണ്. മലയാളഭാഷയിൽ നോവൽപ്രസ്ഥാനത്തിനു ഭദ്രമായ അടിസ്ഥാനവും പ്രചാരവും നല്കിയ അനന്തരഗാമികളിൽ ഏറ്റവും ശ്രദ്ധേയരായ രണ്ടുപേർ ഒ. ചന്തുമേനോനും സി.വി. രാമൻ പിള്ളയുമാകുന്നു. ചന്തുമേനോൻ സാമുദായികസംഭവങ്ങളെ ആസ്പദമാക്കി സമുദായപരിഷ്കരണാർത്ഥമുള്ള നോവലുകൾ നിർമ്മിച്ചു. സി.വി. യാകട്ടെ, ദേശചരിത്രത്തെയും രാഷ്ട്രീയ സംഭവങ്ങളെയും ഇതിവൃത്തങ്ങളാക്കി പൂർവ്വികരുടെ വീരപരാക്രമങ്ങളെയും രാജഭക്തിയെയും പ്രോജ്ജ്വലിപ്പിക്കുന്ന ചരിത്രാഖ്യായികകളാണ് നിർമ്മിച്ചത്. ഇവർ രണ്ടുപേരും ഇന്നും മലയാള നോവൽ സാഹിത്യ